വകുപ്പുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ അത്തരം എല്ലാ അപേക്ഷകളും വിജ്ഞാപന പ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും 15-11-2014-ലെ 16203/ഏ.ആർ.12(1)/13/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ ഭരണവകുപ്പുകളും അവരുടെ നിയന്ത്രണത്തിലുള്ള വകുപ്പുകൾ/ സ്ഥാപനങ്ങളിൽ നിന്നും സേവനാവകാശനിയമ പ്രകാരം നൽകിയ സേവനങ്ങളെ സംബന്ധിച്ചുള്ള പ്രതിമാസ പ്രവർത്തന പത്രികയുടെ സമാഹൃത റിപ്പോർട്ട് എല്ലാ മാസവും 5-ാം തീയതിക്കുമുമ്പായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് ലഭ്യമാക്കേണ്ടതാണെന്ന് 2-9-2015-ലെ 2062/ഏ.ആർ.12(1)/2015/ ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം വീണ്ടും നിർദ്ദേശം നൽകിയിട്ടുണ്ട്.

പേഴ്സണൽ സ്റ്റാഫ് നിയമനത്തിനായുള്ള സ്പെഷ്യൽ റൂൾസ്

86 (57) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മന്ത്രിമാരുടെയും മറ്റും പേഴ്സണൽ സ്റ്റാഫിൽ നേരിട്ടും വിവിധ ബോർഡ്, കോർപ്പറേഷൻ എന്നിവയിൽ നിന്നും ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ നിയമപ്രകാരം വിവിധ വകുപ്പ്, കോർപ്പറേഷൻ എന്നിവയിൽ നിന്നും പേഴ്സണൽ സ്റ്റാഫിൽ നിയമിക്കപ്പെടുന്നവരുടെ കാര്യത്തിൽ അതു സാധാരണ ഡെപ്യൂട്ടേഷൻ നിയമനമായി കണക്കാക്കുന്നതുകൊണ്ട് അവർക്ക് സ്പെഷ്യൽ റൂൾസിൽ വിവക്ഷിക്കുന്ന സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യം പരിശോധിച്ച് പേഴ്സണൽ സ്റ്റാഫിലെ നിയമനങ്ങളും സേവനവും അതിനുള്ള സ്പെഷ്യൽ റൂൾസ് പ്രകാരമായി മാത്രം നിജപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) നിലവിലുള്ള നിയമപ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്നവർക്ക് മാതൃവകുപ്പിലെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമാണ് ലഭിക്കുക. പേഴ്സണൽ സ്റ്റാഫിനായുള്ള സ്പെഷ്യൽ റൂൾസിൽ ഡെപ്യൂട്ടേഷൻ പ്രകാരം ജോലി ചെയ്യുന്നവർക്ക് പ്രത്യേകം ആനുകൂല്യങ്ങളൊന്നും വിവക്ഷിക്കുന്നില്ല. പേഴ്സണൽ സ്റ്റാഫിന്റെ സ്പെഷ്യൽ റൂൾസ് പരിഷ്കരണം സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly